**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **10-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായത്തോടെയുള്ള സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ 3 സ്കൂളുകളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. ഇതിൽ ഒരു സ്കൂളിന്റെ നിർമ്മാണത്തിന് KMBR പ്രശ്നമുള്ളതിനാൽ പ്രത്യേക അനുമതി ആവശ്യമാണ്. മറ്റ് തടസ്സങ്ങളൊന്നും തന്നെ നിർമ്മാണത്തിനില്ല. കിഫ്ബിയുടെ അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിർവ്വഹണ ഏജൻസികളുടേയും കിഫ്ബിയുടേയും വിദ്യാകിരണം മിഷന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകനയോഗം വിളിച്ച് പുരോഗതി പരിശോധിക്കുകയും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം ആരംഭിക്കുന്നതിന് കിഫ്ബിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങൾ നടന്നുവരുന്നു. കൂടാതെ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിലും നിർമ്മാണ പുരോഗതി അവലോകനം ചെയ്ത് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;എങ്കിൽ ആയത് വ്യക്തമാക്കുമോ? | (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ 3 സ്കൂളുകളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. ഇതിൽ ഒരു സ്കൂളിന്റെ നിർമ്മാണത്തിന് KMBR പ്രശ്നമുള്ളതിനാൽ പ്രത്യേക അനുമതി ആവശ്യമാണ്. മറ്റ് തടസ്സങ്ങളൊന്നും തന്നെ നിർമ്മാണത്തിനില്ല. കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കിഫ്ബി ധനസഹായത്തോടെ നടത്തുന്ന സ്കൂൾ കെട്ടിടനിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിർവ്വഹണ ഏജൻസികളുടേയും കിഫ്ബിയുടേയും വിദ്യാകിരണം മിഷന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകനയോഗം വിളിച്ച് പുരോഗതി പരിശോധിക്കുകയും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം ആരംഭിക്കുന്നതിന് കിഫ്ബിയുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങൾ നടന്നുവരുന്നു. കൂടാതെ വിദ്യാകിരണം മിഷന്റെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിലും നിർമ്മാണ പുരോഗതി അവലോകനം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ